പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4911 26.06.2019-ലെ മറുപടിക്ക്

# കെ.റ്റി.ഡി.എഫ്.സി.യിലെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| --- | --- |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ധന സമാഹരണത്തിനായി രൂപീകരിച്ച കെ.റ്റി.ഡി.എഫ്.സി. വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) യും (ബി) യും | കെ.റ്റി.ഡി.എഫ്.സി. സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. കെ.റ്റി.ഡി. എഫ്.സി.യിൽ നിന്നും കെ.എസ്.ആർ. ടി.സി. എടുത്തിട്ടുള്ള വായ്പകളിൽ, കെ.റ്റി. ഡി.എഫ്.സി.യുടെ കണക്കുകൾ പ്രകാരം, ഹ്രസ്വകാല വായ്പ ഇനത്തിൽ 332.37 കോടി രൂപയും ദീർഘകാല വായ്പ 121 കോടി രൂപയും മുതൽ ഇനത്തിൽ, കെ.എസ്.ആർ.ടി.സി. തിരികെ നൽകുവാനുണ്ട്. ടി വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.റ്റി.ഡി.എഫ്.സി.യ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് സാധിച്ചിട്ടില്ല. ഇത് കെ.റ്റി.ഡി.എഫ്.സി.ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ആയത് മറികടക്കുന്നതിനായി, കെ.എസ്.ആർ. ടി.സി., കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം, സർക്കാർ നേരിട്ട് കെ.റ്റി.ഡി.എഫ്.സി.യ്ക്ക് നൽകിയിരുന്നു. |
| (ബി) | എങ്കിൽ ഇപ്രകാരമുള്ള സാമ്പത്തിക പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി. യുമായുള്ള സാമ്പത്തിക ഇടപാട് കെ.റ്റി. ഡി.എഫ്.സി.യുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടോ; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | വായ്പയെടുത്ത് വൻ വ്യാപാര സമുച്ചയങ്ങൾ നിർമ്മിച്ചതും അത് കൃത്യസമയത്ത് വാടകയ്ക്ക് കൊടുക്കുവാൻ സാധിക്കാതെവന്നതും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാൻ കാരണമായിട്ടുണ്ടോ; | (സി) യും (ഡി) യും | ബി.ഒ.ടി. വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി. പണികഴിപ്പിച്ചിട്ടുള്ള ബസ് ടെർമിനൽ കോംപ്ലക്സുകളായ തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ തുക, പൊതുജനങ്ങളും സ്ഥാപനങ്ങളും കെ.റ്റി.ഡി.എഫ്.സി.യിൽ നിക്ഷേപിച്ചിട്ടുള്ള സ്ഥിരനിക്ഷേപങ്ങളിൽ നിന്നുമാണ് വിനിയോഗിച്ചിട്ടുള്ളത്. എല്ലാ ബസ് ടെർമിനൽ കോംപ്ലക്സുകളിലെയും വ്യാപാര സ്ഥലങ്ങൾ പൂർണ്ണമായും വാടകയ്ക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ല. കൃത്യ സമയത്ത് ഇവ വാടകയ്ക്ക് കൊടുക്കുവാൻ സാധിക്കാതെ വന്നതും സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുവാൻ ഒരു കാരണമാണ്.<br>തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ ഇനി വാടകയ്ക്ക് നൽകുവാൻ 8006.41 ചതുരശ്ര അടി സ്ഥലം മാത്രമേയുള്ളൂ. ഇത് ആകെയുള്ള 'റെന്റബിൾ ഏരിയ'-യുടെ 8% ആണ്.<br>അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സിൽ ഇനി വാടകയ്ക്ക് നൽകുവാൻ 15975.08 ചതുരശ്ര അടി സ്ഥലം മാത്രമേയുള്ളൂ. ഇത് ആകെയുള്ള 'റെന്റബിൾ ഏരിയ'-യുടെ 16% ആണ്. ബാക്കി നിൽക്കുന്ന ഏരിയ അലോട്ട് ചെയ്യുന്നതിന് വേണ്ടി ടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.<br>കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സിലെ സ്പെയ്സുകൾ ഒറ്റ യൂണിറ്റായി വാടകയ്ക്ക് നൽകുന്നതിന് ടെണ്ടർ നടത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് വ്യക്തികൾ അവരുടെ നിരക്ക് രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ, ടി സ്പെയ്സ് ഒറ്റ യൂണിറ്റായി അലോട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം |
| (ഡി) | തമ്പാനൂർ, അങ്കമാലി, കോഴിക്കോട്, തിരുവല്ല എന്നിവിടങ്ങളിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയങ്ങൾ പൂർണ്ണമായും വാടകയ്ക്ക് നൽകുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഓരോ സമുച്ചയങ്ങളിലും എത്ര ശതമാനം സ്ഥലം വീതം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സർക്കാർ പരിശോധിച്ചു വരികയാണ്. തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സിന്റെ ഫയർ എൻ.ഒ.സി. ലഭിക്കുവാനുണ്ടായ കാലതാമസം മൂലം തിരുവല്ല മുൻസിപ്പാലിറ്റിയിൽ നിന്നും 'ഒക്കുപെൻസി സർട്ടിഫിക്കറ്റ്' ലഭിക്കുവാൻ താമസം നേരിട്ടു. 'ഒക്കുപെൻസി സർട്ടിഫിക്കറ്റ്' 22.02.2019-ന് ലഭിച്ചതിനു ശേഷം വിളിച്ച ടെണ്ടറിൽ വളരെ കുറച്ച് പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. വീണ്ടും ടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇവിടെ 'റെന്റബിൾ ഏരിയ'-യുടെ 93% സ്പെയ്സ് ഇനി വാടകയ്ക്ക് നൽകുവാനുണ്ട്. |

**സെക്ഷൻ ഓഫീസർ**